## പ്രഭണിതം – വിശുദ്ധരുടെ തിരുനാൾ

സർവ്വേശ്വരാ പരിശുദ്ധനാം ദൈവമേ
സർവ്വശക്താ ജഗത്പൂജിതനേ..
ക്രിസ്തുനാഥൻ വഴി എങ്ങുമെന്നേരവും
ഭക്തിയോടങ്ങേയ്ക്കു നന്ദിചൊല്ലാം
ആയതു യുക്തവും രക്ഷയേകുന്നതും
ന്യായവും തന്നെ ജഗൽപിതാവേ

പുണ്യവാന്മാരുടെ വിസ്മയമാർന്നുള്ള
സത്യവിശ്വാസപ്രഖ്യാപനത്താൽ
അങ്ങീ സഭയെ പരിപുഷ്ടമാക്കുന്നു
വിണ്ണിൽവസിപ്പോരു പുണ്യതാതാ
അങ്ങയിൽ സ്നേഹം പകരുവാൻ ഞങ്ങൾക്കു
കാണിപ്പൂ വന്ദ്യർതൻ മാതൃകകൾ

ഞങ്ങൾതൻ ആത്മാവു രക്ഷനേടീടുവാൻ
മാതൃക ഞങ്ങൾക്കു നൽകിടുന്നു
ധന്യരവരുടെ മാദ്ധ്യസ്ഥ്യം ഞങ്ങൾക്കു
പിൻബലമായി ലഭിച്ചുവല്ലോ

ആകയാലാമോദവായ്പോടെ വാഴുമാ
സ്വർഗ്ഗീയ ഗായകർ മാലാഖമാർ
ദിവ്യപ്രതാപവാനങ്ങേയ്ക്കു നിത്യവും
മംഗളം പാടി നമിച്ചിടുന്നു
ആ ദിവ്യഗാനത്തോടൊന്നിച്ചു ഞങ്ങളും
ആലപിച്ചീടുന്നു താഴ്മയോടെ

## പ്രഭണിതം – അപ്പോസ്തലന്മാരുടെ തിരുനാൾ

സർവ്വേശ്വരാ പരിശുദ്ധനാം ദൈവമേ
സർവ്വശക്താ ജഗത്പൂജിതനേ..
ക്രിസ്തുനാഥൻ വഴി എങ്ങുമെന്നേരവും
ഭക്തിയോടങ്ങേയ്ക്കു നന്ദിചൊല്ലാം
ആയതു യുക്തവും രക്ഷയേകുന്നതും
ന്യായവും തന്നെ ജഗൽപിതാവേ

അന്തമില്ലാതുള്ള ശുദ്ധിതൻ ശാശ്വത
സ്മാരകമായിട്ടു ശോഭിക്കാനും
നിത്യസത്യങ്ങളെ സർവ്വജനങ്ങൾക്കു–
മുൽബോധനം ചെയ്തു വാഴുവാനും
അപ്പോസ്തലന്മാരാമടിത്തറ തന്നിൽ നീ
സത്യസഭയെ പടുത്തുയർത്തി

ആകയാലാമോദവായ്പോടെ വാഴുമാ
സ്വർഗ്ഗീയ ഗായകർ മാലാഖമാർ
ദിവ്യപ്രതാപവാനങ്ങേയ്ക്കു നിത്യവും
മംഗളം പാടി നമിച്ചിടുന്നു
ആ ദിവ്യഗാനത്തോടൊന്നിച്ചു ഞങ്ങളും
ആലപിച്ചീടുന്നു താഴ്മയോടെ